# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി)
# സംസ്ഥാന പ്രവർത്തക സമിതി യോഗം SWC 08/2020
# 12.09.2020 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. ജില്ലാ റിപ്പോർട്ടിങ്
4. സംസ്ഥാന സമ്മേളനം കണക്ക്
5. പ്രിൻസിപ്പൽ നിയമനം
6. ദേശിയവിദ്യാഭ്യാസനയം - പ്രക്ഷോഭ പരിപാടികൾ
7. പുതിയ കോഴ്സുകൾ
8. വനിതാ സബ്കമ്മിറ്റി, അക്കാഡമിക് കമ്മിറ്റി, എം.ബി.ടി, സംഘശബ്ദം
9. മറ്റ് കാര്യങ്ങൾ

**ഹാജർ**

ഡോ. എം. സത്യൻ, ഡോ. എൻ. മനോജ്, ഡോ. ഗീത നമ്പിയാർ എം. കെ., ഡോ. കെ. കെ. ദാമോദരൻ, ഡോ. രാജേഷ്കുമാർ പി., ഡോ. ഇമ്പിച്ചിക്കോയ കൗട്യമാക്കനകം, ഡോ. വിനു ഭാസ്ക്കർ, സന്തോഷ് ടി. വർഗീസ്, ഡോ. മുഹമ്മദ് റഫീഖ്, ഡോ. ചന്ദ്രമോഹൻ കെ. ടി., ഡോ. പ്രിൻസ് പി. ആർ., ഡോ. സുനിൽ വി. ടി., ഡോ. മാണിക്യരാജ്, സൗമ്യ എസ്, ഡോ. ഷജില ബീവി, ഡോ. സുനിത എ. പി., ശശി സി. ടി., ഡോ. ബേബി ഷീബ, സജിത്ത് കുമാർ പി., ഡോ. പ്രമോദ് സി., സോബിൻ വർഗീസ്, രഘുദാസ് പി. വി., ഡോ. സഞ്ജയ്കുമാർ എസ്. എച്., ഡോ. ബാലസുബ്രഹ്മണ്യൻ, ഡോ. ജോജോമോൻ എൻ.എ., ഡോ. എം. എസ്. മുരളി, രഞ്ജിത് മോഹൻ ആർ., ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. പ്രദീപ് കുമാർ, ഡോ. എ. ബാലകൃഷ്ണൻ, ഡോ. ഗ്രേഷ്യസ് ജെ., ഡോ. വിഷ്ണു വി.എസ്., ഡോ. റോസ്നികസ് പി. കെ., ഡോ. എം. എ. അസ്കർ, ഡോ. സെനോ ജോസ്, ഡോ. സുമിജോയി ഒലിയപ്പുറം, ജയരാജ് ജെ., ഡോ. റിജുലാൽ ജി.

രാവിലെ 10 മണിക്ക് ഓൺലൈൻവഴി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എം. സത്യൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. ഗീത നമ്പിയാർ എം. കെ. അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

എ.കെ.ജി.സി.ടി മുൻ പ്രസിഡന്റ് ശ്രീ ജോർജ് എം. വർഗീസ്, ഗാനരചയിതാവ് ചുനക്കര രാമൻകുട്ടി, ഫോട്ടോഗ്രാഫർ പുനലൂർ രാജൻ, ഹിന്ദുസ്ഥാനി സംഗീതജ്ഞൻ പണ്ഡിറ്റ് ജസ്‌രാജ്, സംവിധായകൻ യതീന്ദ്ര ദാസ്, മുൻ രാഷ്ട്രപതി പ്രണബ് മുഖർജി, മഠാധിപതി കേശവാനന്ദ ഭാരതി, ഭൗതിക ശാസ്ത്രജ്ഞൻ പ്രൊഫസർ ഗോവിന്ദ് സ്വരൂപ്, വയലിൻ വിദ്വാൻ സുബ്രഹ്മണ്യ ശർമ്മ, കാലിക്കട്ട് സർവ്വകലാശാല മുൻ വൈസ് ചാൻസലറും, ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടറുമായ എ.എൻ.പി. ഉമർകുട്ടി, മനുഷ്യാവകാശപ്രവർത്തകൻ സ്വാമി അഗ്നിവേശ് കോവിഡ് മഹാമാരിയിൽ അകപ്പെട്ടു നമ്മെ വിട്ടു പോയ അനേകായിരം മനുഷ്യർ, ആരോഗ്യപ്രവർത്തകർ, തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളെ യൂണിറ്റ് വിസിറ്റ് നമുക്ക് ഓഗസ്റ്റ് മാസം 30നുള്ളിൽ സമയബന്ധിതമായി തീർക്കാൻ സാധിച്ചു. ഇതിനായി യൂണിറ്റ് വിസിറ്റിൽ പങ്കെടുത്ത സംസ്ഥാന സമിതി അംഗങ്ങളെയും കൃത്യമായി യൂണിറ്റുകൾ വിസിറ്റ് നടത്താൻ മുൻകൈ എടുത്ത ജില്ലാ സെക്രട്ടറി, ജില്ലാ കമ്മിറ്റി അംഗങ്ങൾ, യൂണിറ്റ് സെക്രട്ടറിമാർ എന്നിവരെ സംസ്ഥാന വർക്കിങ് കമ്മിറ്റിക്ക് വേണ്ടി അഭിവാദ്യം ചെയ്യുന്നു. നമ്മുടെ വെബ്സൈറ്റ് കുറച്ചുനാളായി അപ്ഡേറ്റ് ചെയ്തിട്ടില്ലായിരുന്നു. കഴിഞ്ഞ പ്രവർത്തകസമിതി യോഗത്തിൽ ഈ ചുമതല സംസ്ഥാനകമ്മിറ്റി അംഗങ്ങളായ ഡോ. പ്രിൻസ് പി. ആർ., ഡോ. അലികുട്ടി എന്നിവർക്ക് നൽകിയിരുന്നു. അതിന്റെ പ്രവർത്തനങ്ങൾ വളരെ ഊർജിതമായി നടന്നുവരുന്നുണ്ട്. വരുംദിവസങ്ങളിൽ തന്നെ വെബ്സൈറ്റ് അപ്ഡേറ്റ് ആകുന്നതാണ്.

സംഘശബ്ദം സംസ്ഥാന സമ്മേളനത്തിന് ശേഷമുള്ള എഡിഷൻ ഓണത്തിന് മുമ്പ് ഇറക്കണമെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ സംഘശബ്ദം എഡിറ്റർക്ക് കോവിഡ് ഡ്യൂട്ടി വന്നതിനാൽ അത് സാധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ കോവിഡ് ഡ്യൂട്ടിയും തുടർന്നുള്ള സ്വയം നിരീക്ഷണത്തിനും ശേഷം സംഘശബ്ദം ഇറക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രിൻസിപ്പൽ നിയമനം നാളിതുവരെ DPC ചേർന്ന് നടന്നുവന്ന രീതിയിൽ വേണം നടക്കാൻ. ഒരു ഘട്ടത്തിൽ ഡി.പി.സി ചേർന്ന് നിയമനം നടത്താനുള്ള ഫയൽ വന്നപ്പോൾ ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി യാതൊരുവിധ രീതിയിലും ഇങ്ങനെ നടത്താതിരിക്കാൻ വേണ്ടിയുള്ള നെഗറ്റീവ് റിമാർക്കുകൾ എഴുതി തടസം സൃഷ്ട്ടിക്കുകയാണ് ചെയ്തിരിക്കുന്നത്. അതേസമയം പട്ടാമ്പി കോളേജിലെ ഡോ. എൻ. കെ. ബാബു ട്രിബ്യൂണലിൽ സെലക്ഷൻ കമ്മിറ്റി കൂടി പ്രിൻസിപ്പൽ നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേസ് നൽകുകയുണ്ടായി. കേസിൽ അദ്ദേഹത്തിൻറെ ആവശ്യം അംഗീകരിച്ചു കിട്ടിയില്ലെങ്കിലും 2018 യുജിസി റഗുലേഷൻ അനുസരിച്ച് പ്രിൻസിപ്പൽ നിയമനം നടത്തണമെന്ന ഒരു ഇടക്കാല ഉത്തരവ് ഇറക്കുകയുണ്ടായി. ഇതെല്ലാം കൂട്ടുപിടിച്ചുകൊണ്ട് സംഘടന മുന്നോട്ടു വെക്കുന്ന രീതിയിൽ പ്രിൻസിപ്പൽ നിയമനം നടത്താതിരിക്കാൻ ഉള്ള നീക്കമാണ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാരിനെ വീണ്ടും കാര്യങ്ങൾ ബോധ്യപ്പെടുത്തി മുൻകാലങ്ങളിലെപോലെ സീനിയോരിറ്റി അടിസ്ഥാനത്തിൽ നടത്താൻ ഉള്ള ശ്രമങ്ങൾ സംഘടനയുടെ ഭാഗത്തു നിന്നും ഉണ്ടാകും. കഴിഞ്ഞദിവസം ലോ കോളജിൽ പ്രിൻസിപ്പൽ നിയമനത്തിന് വേണ്ടി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഉത്തരവ് ഇറങ്ങി. ഈ ഉത്തരവും വസ്തുതകൾക്ക് അനുസരിച്ച് നിലനിൽക്കുന്നതല്ല. ഇതിലും സംഘടനയുടെ ഇടപെടൽ ആവശ്യമാണ്.

ജനറൽ ട്രാൻസ്ഫർനെ കുറിച്ച് പറയുമ്പോൾ ഓഗസ്റ്റ് 24ന് ഉള്ളിൽ തന്നെ എല്ലാ ട്രാൻസ്ഫർ ഉത്തരവുകളും ഇറങ്ങി. ഉത്തരവുകളിൽ 99 ശതമാനവും പരാതികൾ ഇല്ലാത്ത രീതിയിൽ ആയിരുന്നു. ഏതാനും ചില പരാതികൾ മാത്രമേ ഈ വിഷയത്തിൽ നിലനിൽക്കുന്നുള്ളൂ. ഇക്കാര്യവും പരിശോധിച്ച് വേണ്ട ഇടപെടൽ നടത്തും. സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിനായി നാലുപേരുടെ പ്രൊപ്പോസൽ ഡിസിയിൽ നിന്നും സർക്കാരിലേക്ക് വന്നിട്ടുണ്ട്. രണ്ടാഴ്ചയ്ക്കുള്ളിൽ തന്നെ അതിന്റെ ഉത്തരവുകൾ ഇറങ്ങുന്നതാണ്.

കേന്ദ്രസർക്കാരിന്റെ ദേശീയവിദ്യാഭ്യാസനയത്തിനെതിരെ സംസ്ഥാന തലത്തിൽ സംഘടനയുടെ പ്രക്ഷോഭപരിപാടികളുടെ ഉദ്ഘാടനം ഓഗസ്റ്റ് 18ന് മുൻ പാർലമെൻറ് അംഗം അഡ്വ കെ.എൻ. ബാലഗോപാൽ നിർവഹിച്ചു. ഇതിൽ എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. ജെ. പ്രസാദ്, കേരള സ്റ്റേറ്റ് ഹയർ

എജുക്കേഷൻ കൗൺസിൽ അംഗം ഡോ. കെ. കെ. ദാമോദരൻ എന്നിവർ വിഷയാവതരണം നടത്തി.

അതിനുശേഷം ജില്ലാതലത്തിൽ വിവിധ പരിപാടികൾ ജില്ലാ കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ നടന്നു വരുന്നു. സംയുക്തസമിതിയുടെ ആഭിമുഖ്യത്തിലും വിവിധ ജില്ലകളിൽ പ്രക്ഷോഭപരിപാടികളും, വെബിനാറുകളും നടന്നുവരുന്നു. അത് വളരെ നല്ല രീതിയിൽ പോകുന്നുണ്ട്. ദേശീയവിദ്യാഭ്യാസനയത്തിലെ അപകടങ്ങളെക്കുറിച്ച് സംഘടന പുറത്തിറക്കിയ കരട് റിപ്പോർട്ട് വളരെ പ്രശംസനീയമാണ്. അതിനുവേണ്ടി പ്രവർത്തിച്ച മുഴുവൻ അധ്യാപകരെയും സംഘടന അഭിവാദ്യം ചെയ്യുന്നു. ആദ്യഘട്ടമെന്ന നിലയിൽ ഇതിൻറെ 6000 കോപ്പികൾ അച്ചടിച്ചു വർഗബഹുജന സംഘടനകൾക്കും, നമ്മുടെ സംഘടനാ അംഗങ്ങൾക്കും നൽകുന്നതിന് വേണ്ടി ജില്ലാ സെക്രട്ടറിമാർക്ക് എത്തിച്ചു നൽകിയിട്ടുണ്ട്.

പ്ലെയിസ്മെന്റ് സംബന്ധിച്ച് നാളിതുവരെ 2381 അധ്യാപകരുടെ ഉത്തരവുകൾ ഇറങ്ങി. ഇതിൽ 179 അസോസിയേറ്റ് പ്രൊഫസർമാരുടെ പ്ലെയിസ്മെന്റുകളും ഉൾപ്പെടുന്നു. ഇനി 6000-7000ൽ 31എണ്ണവും 7000-8000ൽ 23 എണ്ണവും അങ്ങനെ ആകെ 54 അപേക്ഷകൾ ആണ് ഇനി ഡിസിയുടെ ടേബിളിൽ ഒപ്പിടാൻ ഉള്ളത്. ഇന്നലെ (11-09-2020) ഡയറക്ടറെ വിളിച്ച് അക്കാര്യത്തിൽ എത്രയുംവേഗം തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 10 പേരുടെ സർവീസ് ഡീറ്റെയിൽസ് ആണ് ഇനി എ.ജി.യിൽ നിന്നും ലഭിക്കാനുള്ളത്.

പ്ലെയിസ്മെന്റ് വിഷയത്തിൽ 23-02-2016 വരെയുള്ള റിലാക്സേഷൻ കിട്ടേണ്ട ആൾക്കാരുടെ ഉത്തരവും, ആറാം ശമ്പള പരിഷ്കരണത്തിന് യോഗ്യതകൾ നേടാൻ പറ്റാത്തവരുടെയും, ആ കാലഘട്ടത്തിൽ മരണപ്പെട്ടവരുടെയും, റിട്ടയർ ആയവരുടെയും പ്രശ്നം പരിഹരിക്കുന്നത് വേണ്ടിയുള്ള പ്രൊപ്പോസലും ഗവൺമെൻറ് ഉത്തരവ് ലഭിക്കുന്നതിന് വേണ്ടി ഹയർ എജുക്കേഷൻ ഡിപ്പാർട്ട്മെൻറ്ലേക്ക് അയച്ചിട്ടുണ്ട്. അസോസിയേറ്റ് പ്രൊഫസർമാരുടെ ഈ അടുത്തകാലത്ത് വാങ്ങിച്ച അപേക്ഷകൾക്ക് മേൽ മറ്റു നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. അതിനായി സ്ക്രീനിംഗ് കമ്മിറ്റിയും മറ്റും രൂപീകരിക്കേണ്ടതുണ്ട്. 18-07-2018നു ശേഷം ഡ്യു ആകുന്ന അധ്യാപകർക്ക് പ്ലെയിസ്മെന്റ് നല്കാൻ അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള സർക്കുലർ ഉടൻ തന്നെ ഇറങ്ങും. ഇതിനുള്ള അനുബന്ധ ഗൈഡ്ലൈൻസ് തയ്യാറായി വരുന്നു.

പുതിയ കോഴ്സുകൾ ക്ഷണിച്ചു കൊണ്ട് പ്രിൻസിപ്പൽ സെക്രട്ടറി സെപ്റ്റംബർ ഒമ്പതാം തീയതി ഇറക്കിയ ഉത്തരവ് യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്തതാണ്. അതിൽ പറയുന്ന NAAC ഗ്രേഡുകളോ, NIRF റാങ്കോ കണക്കിലെടുക്കുമ്പോൾ നല്ലൊരുശതമാനം സർക്കാർ കോളേജുകൾക്കും അപേക്ഷിക്കാൻ സാധിക്കുകയില്ല. മാത്രവുമല്ല അതിൽ നിർദേശിച്ചിരിക്കുന്ന പുതിയ തലമുറ കോഴ്സുകൾ പഠിച്ചാൽ കുട്ടികളുടെ ഭാവി അവതാളത്തിലാകും. ശാസ്ത്ര കോഴ്സുകളും ഭാഷാവിഷയങ്ങളെയും, കൊമേഴ്സ് പോലുള്ള വിഷയങ്ങളെയും വളരെയധികം അവഗണിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനം ഡോ. സാബു തോമസ് കമ്മിറ്റി റിപ്പോർട്ടാണ്. ഈ റിപ്പോർട്ട് വേണ്ടവണ്ണം ചർച്ച ചെയ്യപ്പെടാത്തതാണ്. റിപ്പോർട്ടിന്റെ പോരായ്മകൾ സർക്കാരിനെ ബോധ്യപെടുത്തി വേണ്ട മാറ്റങ്ങൾ വരുത്താൻ വരുംദിവസങ്ങളിൽ സംഘടന ഇടപെടൽ നടത്തുന്നതാണ്.

സർവകലാശാലകളുടെ പരീക്ഷ നടത്തിപ്പ്, കുട്ടികളുടെ പ്രവേശനം, പരീക്ഷ കലണ്ടർ ഇവയൊക്കെയുമായി ബന്ധപ്പെട്ട് സംഘടന തയ്യാറാക്കിയ റിപ്പോർട്ട് ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൊടുത്തിരുന്നു. അതിൽ നടപടികൾ എടുക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് എത്രയും വേഗം ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ. ടി. ജലീലിനെ കണ്ട് സംഘടന ചർച്ച നടത്തുന്നതാണ്.

വർക്ക് ലോഡ് സംബന്ധിച്ച് 11-09-2020നു ഉത്തരവിറങ്ങിയത് സംഘടനയുടെ ഇടപെടലിന്റെ ഭാഗമായിട്ടാണ്. 01-06-2020നു മുമ്പ് വരെ ഉള്ള പോസ്റ്റുകൾ അങ്ങനെതന്നെ നിലനിൽക്കുന്നതാണ്.

സംഘടനയുടെ എസ്. ബി. ഐ. വഴുതക്കാട് ബ്രാഞ്ചിൽ ഉള്ള അക്കൗണ്ട് ക്രയവിക്രയങ്ങൾക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. ആയതിനാൽ സംഘടന ഓഫീസിനു അടുത്തുള്ള പനവിള ബ്രാഞ്ചിലേക്ക് അക്കൗണ്ട് മാറ്റിയാൽ നന്നാവും. അതിന് സംസ്ഥാന സമിതിയുടെ അനുമതി ആവശ്യമുണ്ട്. കഴിഞ്ഞ സംസ്ഥാന സമ്മേളനത്തിന്റെ കണക്ക് ഇന്ന് തൃശ്ശൂർ ജില്ലാ സെക്രട്ടറി അവതരിപ്പിക്കണം. കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ മീറ്റിങ്ങുകൾ മാത്രം ആയതുകൊണ്ട് വന്ന പോരായ്മയാണ് ഈ വൈകൽ.

മീഡിയ കമ്മിറ്റിയുടെ പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ടു പോകുന്നു. കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ വരുന്ന അധ്യാപകരുടെ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി നിയമിച്ച സമിതിയുടെ റിപ്പോർട്ട് എത്രയും വേഗം തന്നെ പുറത്തുവരും. ജീവനക്കാർക്ക് മെഡിക്കൽ ഇൻഷുറൻസ് നൽകുന്നതു സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്. അതിലും തീരുമാനം വരേണ്ടതുണ്ട്. മ്യൂസിക് കോളേജ് അധ്യാപകരുടെ വിഷയത്തിൽ ദീർഘകാലമായി നാം ഉന്നയിക്കുന്ന വിവിധ സർവീസ് പ്രശ്നത്തിലും യുജിസി വിഷയത്തിലും ഗുണപരമായ ഒരു നീക്കം നടക്കുന്നുണ്ട്. 14-08-2020നു മ്യൂസിക് കോളേജ് അധ്യാപകരുടെ യുജിസി സംബന്ധിച്ചുള്ള വർക്ക്ലോഡും മറ്റുകാര്യങ്ങളും കൊടുക്കാനുള്ള ഉള്ള പ്രൊപ്പോസൽ നിശ്ചിത പ്രൊഫോർമയിൽ ഡി.സി. ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനെ ഗുണകരമായ ഒരു തീരുമാനം ആയിട്ടാണ് സംഘടന കാണുന്നത്.

തുടർന്ന് ജില്ലാ സെക്രട്ടറിമാരുടെ റിപ്പോർട്ടിങ് നടന്നു. സംസ്ഥാന സമിതി അംഗങ്ങളും കാര്യങ്ങൾ റിപ്പോർട്ട് ചെയ്തു. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്മേലും, ജില്ലാ റിപ്പോർട്ടിന്മേലും വിശദമായ ചർച്ചകൾ നടന്നു. അതിനു ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. ഗസ്റ്റ് ലക്ച്ചർമാർ ഇല്ലാത്ത കോളജുകളിൽ എത്രയും വേഗം ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്ന കാര്യത്തിൽ സംഘടന ഡയറക്ടറെ കണ്ട് വേണ്ട ഇടപെടൽ നടത്തുന്നതാണ്.
2. പുതിയ കോഴ്സ് ക്ഷണിച്ച വിഷയത്തിൽ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാനദണ്ഡം ഉണ്ടാക്കുന്നതിനുവേണ്ടി സംഘടന സർക്കാരിൽ വേണ്ട ഇടപെടൽ നടത്തും.
3. മെമ്പർഷിപ്പ് തുക സമാഹരണം ഈ മാസം തന്നെ പൂർത്തിയാക്കേണ്ടതുണ്ട്.
4. തൃപ്പൂണിത്തറ ആർ.എൽ.വി. കോളേജിലെ തസ്തിക ഏകീകരണം സംബന്ധിച്ച പ്രശ്നത്തിൽ സംഘടന എത്രയും വേഗം വേണ്ട ഇടപെടൽ നടത്തുന്നതാണ്.
5. മഹാരാജാസ് കോളേജിലെ റഗുലർ രീതിയിൽ അല്ലാത്ത രണ്ട് കോഴ്സുകളെ റെഗുലറൈസ് ചെയ്യുന്നതിന് വേണ്ടിയുള്ള ഇടപെടൽ സംഘടന നടത്തും.
6. സംഘടനയുടെ എസ്.ബി.ഐ. വഴുതക്കാട് ബ്രാഞ്ചിൽ ഉള്ള അക്കൗണ്ട് സംഘടന ഓഫീസിനടുത്തുള്ള എസ്.ബി.ഐ. പനവിള ബ്രാഞ്ചിലേക്ക് മാറ്റാൻ തീരുമാനിച്ചു.
7. സംഘശബ്ദം ഈ മാസം അവസാനമോ അല്ലെങ്കിൽ അടുത്തമാസം ആദ്യമോ പുറത്തിറക്കാൻ തീരുമാനിച്ചു.

8. പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച് സീനിയോറിറ്റി മറികടന്ന് സെലക്ഷൻ കമ്മിറ്റിയിലൂടെയുള്ള നിയമനം എതിർക്കുകയും അതിനെതിരെ സംഘടനാപരമായും നിയമപരമായും ഉള്ള ഇടപെടൽ നടത്താനും തീരുമാനിച്ചു.
9. ലോ കോളജിലെ ഒന്നാം സെമസ്റ്റർ റിസൾട്ട് എത്രയും വേഗം പുറത്തിറക്കുന്നതിന് നിയമപരമായ ഇടപെടലുകൾ വേഗത്തിലാക്കണമെന്ന് എം.ജി. സർവകലാശാലയോട് ആവശ്യപ്പെടും.
10. യുജിസി കെയർ ലിസ്റ്റിൽ സംഘടനയുടെ അക്കാദമിക ജേർണൽ ഉൾപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തും
11. തൃശ്ശൂർ ജില്ലാ സെക്രട്ടറി അവതരിപ്പിച്ച അറുപത്തിരണ്ടാം സംസ്ഥാന സമ്മേളനത്തിന്റെ കണക്ക് സംസ്ഥാന സമിതി അംഗീകരിച്ചു.
12. പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിലേക്ക് കൃത്യമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന ജനറൽ സെക്രട്ടറി, പ്രസിഡണ്ട്, ട്രഷറർ, രണ്ട് വൈസ് പ്രസിഡണ്ടുമാർ, ഡോ. കെ. കെ. ദാമോദരൻ എന്നിവർ ഉൾപ്പെട്ട ആറംഗ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 1.30നു അവസാനിച്ചു

അഭിവാദ്യങ്ങളോടെ

ഡോ. എൻ. മനോജ്
ജനറൽ സെക്രട്ടറി

12.09.2020